# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *197 – 14/06/2019 - ലെ മറുപടിക്ക്

## ആഭ്യന്തര ഉല്പാദനവും കടവും തമ്മിലുള്ള അനുപാതം

ചോദ്യം

ഉത്തരം

ഡോ.എം. കെ. മുനീർ
ശ്രീ.കെ.എൻ.എ ഖാദർ
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. എൻ. എ.നെല്ലിക്കുന്ന്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ കടവും ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ സർക്കാർ അധികാരത്തിലേറുമ്പോൾ ഇത് എത്രയായിരുന്നുവെന്നും ഈ അനുപാതത്തിന്റെ അഭികാമ്യമായ അളവ് എത്രയെന്നും അറിയിക്കാമോ; | 2019-20 ലെ ബജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് സംസ്ഥാനത്തിന്റെ കടബാധ്യത/ജി.എസ്.ഡി.പി അനുപാതം 30.70 ശതമാനമാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കടവും ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം 2015-16 ൽ 28.21 ശതമാനമായിരുന്നു. 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2015-16 ലെ കടബാധ്യത/ജി.എസ്.ഡി.പി അനുപാതലക്ഷ്യം 31.34% ആയിരുന്നു. |
| ബി | കിഫ്ബിയിലൂടെ വൻതോതിൽ ബജറ്റിതര വിഭവം കണ്ടെത്താൻ ശ്രമിക്കുന്നതിലൂടെ സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനമാകേണ്ട തനത് വരുമാനം ദുർബലപ്പെടുന്നത് സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക വ്യവസ്ഥയെ ബാധിക്കുമെന്നതിനാൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലനിൽക്കുന്ന വിടവ് നികത്തുന്നതിന് ആവശ്യമായ ധനം കണ്ടെത്തുന്നത് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികൾ ഉണ്ട്. കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിനു വിലങ്ങുതടി ആകുന്നു. അൻപതിനായിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി കിഫ്ബി അതിന്റെ ആക്റ്റ് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹാരണ ഉപാധികളെയും ആശ്രയിക്കേണ്ടി വരും. |

കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ KIIF ആക്റ്റിൽ മോട്ടോർ വാഹന നികുതിയിൽനിന്നും പെട്രോളിനുള്ള സെസ്സിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഓരോ വർഷവും നിർബന്ധമായി കിഫ്ബിക്ക് കൈമാറണമെന്ന് സർക്കാരിനോട് അനുശാസിക്കുന്നു. കിഫ്ബിയുടെ തിരിച്ചടവ് ബാധ്യതകൾ നിറവേറ്റുവാൻ ഈ വരുമാനം മതിയാകും. സംസ്ഥാന ബഡ്ജറ്റിനതീതമായി കിഫ്ബി പദ്ധതികൾക്ക് ധനസമാഹരണം നടത്തുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിലൂടെയുള്ള പതിവ് പദ്ധതി വികസനം കുറയുകയോ തടസ്സപ്പെടുകയോ ചെയ്യുന്നില്ല. കിഫ്ബി വഴി ഇതു വരെ 552 പദ്ധതികൾക്കായി 43,730.88 കോടിയുടെ രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സർക്കാരിന്റെ തനത് വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷം തോറും കിഫ്ബിക്ക് ഗ്രാന്റായി നൽകി കൊണ്ട് പശ്ചാത്തല സൗകര്യ വികസനം ഇപ്പോൾ തന്നെ സാധ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഭാവി വരുമാന ഒഴുക്കിന് ഇപ്പോൾതന്നെ സെക്യൂരിറ്റൈസ് ചെയ്യുക മാത്രമാണ് കിഫ്ബി ചെയ്യുന്നത്. ഇതിലൂടെ ഒരു തലമുറയ്ക്ക് കൂടി പ്രയോജനം ലഭ്യമാക്കും വിധം ഇരുപതോ ഇരുപത്തഞ്ചോ വർഷം കാലതാമസം വരുത്താതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം സൃഷ്ടിക്കാൻ കഴിയും. ഇപ്പോൾ കിഫ്ബി വഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പത്തോ ഇരുപതോ വർഷം കഴിഞ്ഞ് നടത്തുമ്പോൾ ഉണ്ടാകുന്ന നിർമ്മാണച്ചെലവിലെ വർദ്ധനവ് താരതമ്യം ചെയ്യുമ്പോൾ ഇപ്പോളെടുക്കുന്ന വായ്പകൾക്ക് നൽകേണ്ടി വരുന്ന പലിശ ചെലവ് കുറവാണെന്ന മെച്ചവുമുണ്ട്. ആയതിനാൽ കിഫ്ബിയിലൂടെ ബജറ്റിതര വിഭവം കണ്ടെത്താൻ വർഷം തോറും ഗ്രാന്റ് നൽകുന്നതു നിമിത്തം തനത് വരുമാനം ദുർബലപ്പെടുകയും അത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ബാധിക്കുമെന്നുള്ള അഭിപ്രായത്തോട് യോജിക്കുവാൻ കഴിയുകയില്ല. മാത്രമല്ല, ഗൾഫ്

| | | |
|---|---|---|
| | | പണവരുമാന ചുരുക്കം, തോട്ടം മേഖലയിലെ പ്രതിസന്ധി, നോട്ടു നിരോധനം എന്നിവയൊക്കെ മൂലം ഒരു മാന്ദ്യത്തെ നേരിടുന്ന സംസ്ഥാന സമ്പദ്ഘടനയ്ക്ക് ഉത്തേജനം നല്കുന്ന ഒന്നാണ് കിഫ്ബി പാക്കേജ്. ഈ ഉത്തേജനം ഭാവിയിൽ തനത് നികുതി വരുമാനത്തെ ശക്തിപ്പെടുത്തുക യാവും ചെയ്യുക. |

**സെക്ഷൻ ഓഫീസർ**